പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം .6609

12.07.2012-ൽ മറുപടിക്ക്.

ജീവൻ സുരക്ഷാപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>" ഹൈബി ഈഡൻ<br>" പി.സി. വിഷ്ണുനാഥ്<br>" വർക്കല കഹാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ജീവൻ സുരക്ഷാപദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | ജീവൻ സുരക്ഷാപദ്ധതി ഗതാഗത വകുപ്പിൽ നടപ്പാക്കിയിട്ടില്ല. |
| (ബി) | ബോട്ടുകളിലെ യാത്രക്കാരുടെയും ജീവനക്കാരുടെയും ജീവൻ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | 15.02.2012 ലെ സ.ഉ.(സാധാ) നം. 126/12/മ.തു.വ. പ്രകാരം Kerala Inland Vessels Rules നടപ്പാക്കുന്നതിന്റെ ഭാഗമായി "Search and Rescue Divers"ന്റെ സ്കീം നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശ്യം Search and Rescue Divers Team മുഖേന ഉൾനാടൻ ജലാശയങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ അടിയന്തിര സുരക്ഷാ പ്രവർത്തനം നടത്തുകയെന്നതാണ്. കൂടാതെ ബോട്ടുകളിലെ യാത്രക്കാരുടേയും ജീവനക്കാരുടേയും സുരക്ഷ ഉറപ്പാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്.<br>1. ജലവാഹനങ്ങൾ എല്ലാം തന്നെ മർച്ചന്റ് ഷിപ്പിംഗ് ആക്ട്, കേരള ഹാർബർ ക്രാഫ്റ്റ് റൂൾ, കേരള ഉൾനാടൻ ജലഗതാഗതനിയമം ഇവയിൽ ഏതെങ്കിലും ഒന്ന് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന് ഉറപ്പു വരുത്തുക;<br>2.ജലവാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ് ഓഫ് സർവ്വെ നല്കുന്നതിന് വേണ്ടി നടത്തുന്ന പരിശോധനയിൽ ടി ജലവാഹനങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങളുടെ ലഭ്യത, എണ്ണം, ജലവാഹനത്തിന്റെ കാര്യക്ഷമത എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തുക;<br>3.ജലവാഹനങ്ങളിൽ ജോലി ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ നിയമാനുസൃതമാണെന്ന് ഉറപ്പു വരുത്തുക ;<br>4. വാർഷിക പരിശോധന/ മിന്നൽ പരിശോധനാ വേളകളിൽ ജലവാഹനങ്ങളിൽ ലൈഫ് ജാക്കറ്റ് തുടങ്ങിയ ജീവൻ രക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക. |
| (സി) | ആവശ്യമുള്ള ലൈഫ് ജാക്കറ്റുകളും ജീവൻ രക്ഷാ ഉപകരണങ്ങളും ബോട്ടിൽ നിർബന്ധമായും സൂക്ഷിക്കുന്നകാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ